ജനുവരി 2017 വില 30 രൂപ

Happy New Year

# മഹിളാരത്നം

പുതുവത്സര രുചികൾ

2017 നിങ്ങൾക്ക് എങ്ങനെ ?



ലാളിത്യത്തിന്റെ മുഖമുദ്രയുമായി ദേവയാനി

ISSN 2278-5574

മുഖസൗന്ദര്യത്തിന് പൂർണ്ണത നൽകുന്ന വശ്യമായ ചിരി സ്വന്തമാണെങ്കിൽ ജീവിത പ്രയാണത്തിൽ ഉന്നതിയിലേക്കുള്ള ഊർജ്ജത്തിന് ഉടമയാണ് നിങ്ങളെന്ന് പറയുവാൻ കഴിയും.

മുൻനിരയിലെ പല്ലുകളുടെ അഭംഗി തരുന്ന കുറവുകളെ പരിഹരിച്ച് ആകർഷണമായ ചിരി നിങ്ങൾക്ക് സമ്മാനിക്കുന്ന ഡെന്റൽ ചികിത്സയെ സ്മൈൽ മേക്കോവർ എന്ന് പറയുന്നു. പല്ലുകൾക്ക് പ്രത്യേക ഭംഗി നൽകുന്നതോടൊപ്പം മുഖത്തിനാകെ മാറ്റം വരുത്താനും ഇതിലൂടെ കഴിയുന്നു.

അനിത എന്ന പെൺകുട്ടി, ജീവിതപ്രതിസന്ധികൾക്കിടയിൽ അവളുടെ വിവാഹം നടക്കുവാൻ താമസിച്ചുപോയി. വൈകിയ വേളയിൽ അവളുടെ വിവാഹദിവസം അടുത്തെത്തി. എന്നെന്നും ഓർത്തിരിക്കാൻ ബാക്കിവേണ്ട ആ പ്രത്യേക സുദിനത്തിൽ വശ്യമായി ചിരിച്ചുകൊണ്ട് എല്ലാവരുടെയും ശ്രദ്ധാകേന്ദ്രമാവേണ്ട ദിനം രൂപത്തിൽ ആകാരസൗഷ്ടതയുള്ള സുന്ദരിയായ അവൾക്ക് തടസ്സം നിൽക്കുന്നത് അവളുടെ അഭംഗിയുള്ള മുൻനിരയിലെ പല്ലുകൾ തന്നെ. വേണ്ട രീതിയിൽ ഒരു സ്മൈൽ മേക്കോവർ നടത്തിയാൽ മുഖത്തിനാകെ തന്നെ മാറ്റം വരുമെന്ന് അവൾ ഒരു കോസ്മെറ്റിക് ഡോക്ടറുടെയടുക്കൽനിന്ന് മനസ്സിലാക്കി പിന്നെ, ഏതാനും സിറ്റിംഗുകളിലൂടെ അവളത് സാധിച്ചെടുക്കുകയും ചെയ്തു. നിറഞ്ഞ ചിരിയോടെ അവൾ വധുവായി എത്തി.

സ്മൈൽ മേക്കോവറിലൂടെ നിങ്ങൾക്ക് ഏതൊക്കെ നേട്ടമുണ്ടാക്കുവാനാകും. മുൻ നിരയിലെ മേൽതാടിലെയും കീഴ്താടിയിലെയും പല്ലുകളുടെ അഭംഗി മാറ്റിത്തരുവാൻ ഏസ്തെറ്റിക് അപ്രോച്ച് പ്രാക്ടീസ് ചെയ്യുന്ന ഡെന്റിസ്റ്റിന് ആവും. തേഞ്ഞുപോയ പല്ലുകളും നീളം കുറഞ്ഞ പല്ലുകളും നിങ്ങളുടെ യുവത്വം മായിച്ചു കളയുന്നു. നീളവും രൂപഭംഗിയുമുള്ള പല്ലുകൾ യുവത്വം തിരികെ സമ്മാനിക്കുന്നു. കമ്പിയിടാതെതന്നെ കോസ്മെറ്റിക് അപ്രോച്ചിലൂടെ ഇത് മാറ്റിയെടുക്കാനാകും. പൊട്ടിയ പല്ലുകൾ, നിറവ്യത്യാസമുള്ള പല്ലുകൾ, കേടുവന്ന പല്ലുകൾ, ലെവലില്ലാത്ത പല്ലുകൾ തുടങ്ങി എല്ലാ കുറവുകളും കോസ്മെറ്റിക് ചികിത്സയിലൂടെ സ്വാഭാവികമായി ശരിപ്പെടുത്തിയെടുക്കാം.



# സ്മൈൽ മേക്കോവറിലൂടെ ആത്മവിശ്വാസം നേടാം

# നിങ്ങളുടെ വീട്ടിലെ കുരുന്നു പ്രതിഭ









**ആൻ.കെ.വർഗ്ഗീസ്**

കൊട്ടാരക്കര, മൈലം എം.ജി.എം സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥിനിയാണ്. വർഗ്ഗീസിന്റേയും സ്മിതയുടേയും മകളാണ് ആൻ. ചിത്രകലയിൽ താൽപ്പര്യം.





**പ്രണവ്.ആർ.നായർ**

നവി മുംബൈയിൽ ആവലോൺ ഹൈറ്റ്സ് ഇന്റർനാഷണൻ സ്കൂളിലെ നാലാം ക്ലാസ് വിദ്യാർത്ഥിയാണ്. രാജീവ് രാധാകൃഷ്ണന്റേയും സുനിതയുടേയും മകനാണ് ഈ എട്ട് വയസ്സുകാരൻ. ഡ്രായിംഗ്, ചെസ്, ബാഡ്മിന്റൺ എന്നിവയിൽ താൽപ്പര്യം.

ഡെന്റൽ ഇംപ്ലാന്റ്, ഇന്ന് സർവ്വസാധാരണമായി ഉപയോഗിക്കുന്ന മറ്റൊരു കൃത്രിമ പല്ല് ഉറപ്പിക്കുന്ന രീതിയാണ്. ഒരു ഫുൾ സ്മൈൽ മേക്കോവർ വേണ്ട കേസിൽ, പ്രത്യേകിച്ചും മുൻനിരയിലെ പല്ലുകളെങ്കിൽ മോണയ്ക്കുള്ളിൽ ഉറപ്പിക്കുന്ന ഇംപ്ലാന്റ് ഘടകം സഹായിക്കുന്നു. നല്ല പല്ലുകളെ ബലികഴിക്കാതെ നേരിട്ട് മോണയിൽ പല്ല് പിടിപ്പിക്കുന്നു.

ഒരു കോസ്മെറ്റിക് അല്ലെങ്കിൽ ഒരു ഏസ്തെറ്റിക് ഡെന്റിസ്റ്റിന് നവീനഡെന്റൽ ടെക്നിക്കുകൾ ഉപയോഗിക്കുവാനും കലാപരമായ കഴിവും സ്കില്ലും ഉണ്ടായിരിക്കുകയും വേണം. അഭംഗിയുള്ള പല്ലുകളുടെ പോരായ്മകൾ സ്വാഭാവികത ചോരാതെ തിരിച്ചറിയുവാൻ പറ്റാത്തവിധം പരിഹരിക്കുവാൻ കഴിയുന്നൊരാളാകണം. ഏത് കോസ്മെറ്റിക് രീതിയാണ് നിങ്ങൾക്ക് യോജിച്ചതെന്നും, അത് മുഖത്തിന് എങ്ങനെ നിങ്ങൾക്ക് മാറ്റം വരുത്തുമെന്നും പറഞ്ഞു തരുവാൻ അദ്ദേഹത്തിന് കഴിയണം. കോസ്മെറ്റിക് മെറ്റീരിയൽ, അതിന്റെ ടെക്നിക്കുകൾ, അഴകളവുകൾ ഒട്ടും ചോരാതെ ചെയ്യുന്ന ഡെന്റൽ ചികിത്സാരീതിയാണ് കോസ്മെറ്റിക് അഥവാ ഏസ്തെറ്റിക് ഡെന്റൽ വിഭാഗം.

ക്രമമുള്ള ചരിവിലാണോ മോണയിലവ നിൽക്കുന്നത്. പല്ലിന് ഉന്തലുണ്ടോ, നിരതെറ്റലുണ്ടോ ഗ്യാപ്പുണ്ടോ എന്നിവയെല്ലാം നോക്കുന്നു. നിറവ്യത്യാസം കാണിക്കുന്ന തേഞ്ഞതും നീളം കുറഞ്ഞതുമായ പല്ലുകളുടെ നിര ശ്രദ്ധിക്കുന്നു. പല്ലുകൾക്ക് രൂപഭംഗിയുണ്ടോ എന്ന് നോക്കുന്നു. ചുണ്ടിന് രൂപഭംഗിയും, ആകർഷണീയതയും നൽകുന്നുണ്ടോ, താടിയസ്ഥികളുടെ നിലയെന്ത്? മൊത്തത്തിൽ മുഖത്തിന് മാറ്റം വരുന്ന, വരുത്തുന്ന രീതിയിൽ ചികിത്സ ചെയ്യുവാനാകുമോ എന്ന് ശ്രമിക്കുന്നു.

നേരിയ ചുളിവുകൾ, സ്കിന്നിന്റെ അഭംഗി, നേർമ്മ, റെഡ് റാഷസ്, പിമ്പിൾസ്, സ്പൈഡർ വെയ്ൻസ് തുടങ്ങിയവയ്ക്ക് ചികിത്സകൾ നൽകുവാൻ ഏസ്തെറ്റിക് ഡെന്റിസ്റ്റുകൾ സഹായിക്കുന്നു.

ഡെന്റോ ഫേഷ്യൽ ഏസ്തെറ്റിക്സിന്റെ ഭാഗമായി ഒട്ടൽ, കവിളൊട്ടൽ എന്നിവയ്ക്ക് ഡെന്റൽ അസ്ഥിയിലും പല്ലിലും മാറ്റം വരുത്തി വ്യത്യാസമുണ്ടാക്കുന്നു താടിയസ്ഥികളുടെ ആനുപാതികതയ്ക്ക് അപ്ലയൻസ് സപ്പോർട്ടായി ഉപയോഗിക്കുന്നു.

നോൺസർജിക്കലായിട്ട് പലമുഖഭാഗങ്ങൾക്കും രൂപഭംഗി വരുത്തുവാൻ കോസ്മെറ്റിക് അല്ലെങ്കിൽ ഏസ്തെറ്റിക് ഓർത്തഡോൺടിക് അപ്രോച്ച് ആവാം. ഡെന്റൽ പ്രൊപ്പോർഷൻസിലും പല മാറ്റങ്ങൾ വരുത്തിയെടുക്കാം.



മുഖം കൂടുതൽ ഫോട്ടോജനിക് ആക്കിയെടുക്കാൻ കോസ്മെറ്റിക് ഡെന്റിസ്റ്റിന് കഴിയും. കീഴ്ചുണ്ടിൽ തട്ടി നിൽക്കുന്ന ഭംഗിയുള്ള നിരയൊത്ത പല്ലുകൾ ആർക്കാണ് ഇഷ്ടപ്പെടാത്തത്.

**ഡോ.ജോസ് നെൽസൺ**

**സ്മൈൽ ആർട്ടിസ്ട്രി സൂപ്പർ സ്പെഷ്യാലിററി ഡെന്റൽ ക്ലീനിക്, ആൽത്തറ ജംഗ്ഷൻ, കൊല്ലം.**

**ഫോൺ- 0474-2795533, 9847351226**